# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.549 - 02/12/2014 - ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ നാളിതുവരെയുള്ള പൊതുകടം

| ചോദ്യം<br><br>ശ്രീ. കെ.വി.വിജയദാസ് | ഉത്തരം<br><br>ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തിന്റെ നാളിതുവരെയുള്ള പൊതുകടം എത്രയാണ്, | 2014 സെപ്റ്റംബർ വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ ഉൾപ്പെടെ 30.09.2014 വരെ സംസ്ഥാനത്തിന്റെ പൊതുകടം 1,25,258.17 കോടി രൂപയാണ്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനം ആകെ എത്ര കോടി രൂപ കടം വാങ്ങിയിട്ടുണ്ട്, ഏതെല്ലാം ഇനങ്ങളിലാണ് കടം വാങ്ങിയിട്ടുള്ളത്, ആയത് ഏതെല്ലാം ഇനങ്ങളിലാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനം 30.09.2014 വരെ 46,584.93 കോടി രൂപ കടം എടുത്തിട്ടുണ്ട്. ഇതിൽ 34,255.27 കോടി രൂപ ആഭ്യന്തരകടവും 628.70 കോടി രൂപ കേന്ദ്രസർക്കാരിൽ നിന്നുള്ള കടവും 11,700.96 കോടി രൂപ പ്രോവിഡന്റ് ഫണ്ട്, ലഘുസമ്പാദ്യം എന്നിവയിൽ നിന്നുള്ള കടവുമാണ്. ഇപ്രകാരം കടമെടുക്കുന്ന തുക പ്രധാനമായും വികസന ചെലവുകൾക്കും ഉൽപാദനപരമായ ആവശ്യങ്ങൾക്കുമാണ് ചെലവഴിക്കുന്നത്. |

സെക്ഷൻ ഓഫീസർ